# 162/2013 - M

1. $\sqrt{.0121} =$ ______

(A) 1.1 (B) .11 (C) .01 (D) 1.01

2. സ്വർണത്തിന് വർഷം തോറും 10% എന്ന തോതിൽ മാത്രം വില വർധിക്കുന്നു. ഇപ്പോഴത്തെ വില 20,000 രൂപ എങ്കിൽ 2 വർഷത്തിനുശേഷം എത്ര രൂപ ആകും ?

(A) 24,000 (B) 24,020 (C) 24,200 (D) 22,000

3. $(-1)^{100} + (-1)^{101} =$ ______

(A) 0 (B) $-1$ (C) 1 (D) 2

4. 32 ആളുകൾക്ക് ഒരു ജോലി പൂർത്തിയാക്കുവാൻ 15 ദിവസം വേണമെങ്കിൽ 10 ദിവസം കൊണ്ട് ആ ജോലി പൂർത്തീകരിക്കുവാൻ എത്ര ആളുകൾ വേണം ?

(A) 48 (B) 42 (C) 25 (D) 47

5. 180 രൂപയ്ക്ക് ഒരു സാധനം വിറ്റപ്പോൾ 10% നഷ്ടം വന്നു. 10% ലാഭം കിട്ടണമെങ്കിൽ ആ സാധനം എത്ര രൂപയ്ക്ക് വിൽക്കണം ?

(A) 200 (B) 198 (C) 220 (D) 240

6. ഒരു കമ്പനിയിലെ 24 ജോലിക്കാരുടെ ശരാശരി വയസ് 35 ആണ്. മാനേജരുടെ വയസു കൂടി ഉൾപ്പെടുത്തിയപ്പോൾ ശരാശരി വയസ് ഒന്നു വർധിച്ചു. എങ്കിൽ മാനേജരുടെ വയസ് എത്ര ?

(A) 36 (B) 40 (C) 37.5 (D) 60

7. അടുത്ത പൂർണ സംഖ്യയേത് ?

$3\frac{1}{5}, 3\frac{3}{5}, 4, 4\frac{2}{5},$ ______

(A) $4\frac{4}{5}$ (B) 6 (C) 5 (D) 7

8. 30 മീറ്റർ വശമുള്ള ഒരു സമഭുജത്രികോണാകൃതിയിലുള്ള ഒരു മൈതാനത്തിനു ചുറ്റും ഒരു കുട്ടി നടക്കുകയാണ്. ഒരു ചുവടു വയ്ക്കുമ്പോൾ 60 സെ.മീ. പിന്നിടാൻ കഴിയുമെങ്കിൽ മൈതാനത്തിനു ചുറ്റും ഒരു പ്രാവശ്യം നടക്കുവാൻ എത്ര ചുവടു വെയ്ക്കേണ്ടി വരും ?

(A) 150 (B) 50 (C) 100 (D) 120

9. $2.6^2 - 2.4^2$ എത്ര ?

(A) 5 (B) 0.1 (C) 0.2 (D) 1

10. അർധ ഗോളാകൃതിയിലുള്ള ഒരു പാത്രത്തിന്റെ വ്യാസാർധം 6 സെ.മീ. എങ്കിൽ ഈ പാത്രത്തിന്റെ വ്യാപ്തം എത്ര ?

(A) 72 π (B) 36 π (C) 144 π (D) 288 π

11. ഒരു കടയിൽ സോപ്പുകൾ അടുക്കി വച്ചിരിക്കുന്നത് ഏറ്റവും താഴത്തെ വരിയിൽ 25 അതിനു മുകളിലത്തെ വരിയിൽ 23 അതിനുമുകളിൽ 21 എന്ന ക്രമത്തിലാണ്. ഏറ്റവും മുകളിലത്തെ വരിയിൽ ഒരു സോപ്പു മാത്രമാണ് ഉള്ളതെങ്കിൽ ആകെ എത്ര വരിയുണ്ട് ?

(A) 15 (B) 13 (C) 25 (D) 12

12. ഒരു ക്ലോക്കിലെ സമയം 9.30 ആയിരുന്നാൽ സൂചികൾ തമ്മിലുള്ള കോണളവ് എത്ര ?

(A) 80° (B) 100° (C) 105° (D) 110°

13. B C C E D G E I F _?_.

(A) J (B) I (C) G (D) K

14. A=2, B=3, C=4 ..... എന്നിങ്ങനെ ആയാൽ 6-25-2-14 സൂചിപ്പിക്കുന്നതെന്ത് ?

(A) FYBN (B) EXAM (C) EYAN (D) EAXM

15. 2, 3, 5, 6 ഇവയിൽ ഉൾപ്പെടാത്തതേത് ?

(A) 2 (B) 3 (C) 5 (D) 6

16. 2013 അവസാനിക്കുന്നത് ചൊവ്വാഴ്ച ദിവസമെങ്കിൽ അടുത്ത വർഷം റിപ്പബ്ലിക് ദിനം ഏതു ദിവസം ആയിരിക്കും ?

(A) തിങ്കൾ (B) ചൊവ്വ (C) ഞായർ (D) ബുധൻ

17. രാജു 3 കി.മീ. തെക്കോട്ട് സഞ്ചരിച്ചശേഷം ഇടത്തോട്ട് തിരിഞ്ഞ് 8 കി.മീ. സഞ്ചരിച്ചു. പിന്നീട് വലത്തോട്ട് തിരിഞ്ഞ് 3 കി.മീ. സഞ്ചരിച്ചു. എങ്കിൽ അയാൾ യാത്ര തിരിച്ചിടത്തു നിന്നും എത്ര കിലോമീറ്റർ അകലത്തിലാണിപ്പോൾ ?

(A) 14 കി.മീ. (B) 8 കി.മീ. (C) 6 കി.മീ. (D) 10 കി.മീ.

18. ആദ്യത്തെ എത്ര ഇരട്ട സംഖ്യകളുടെ തുകയാണ് 240 ?

(A) 16 (B) 12 (C) 10 (D) 15

19. ഒരു പരീക്ഷയിൽ ഓരോ ശരിയുത്തരത്തിനും 1 മാർക്കും തെറ്റായ ഉത്തരത്തിന് $\frac{1}{4}$ മാർക്ക് കുറയുകയും ചെയ്യും. ഒരു കുട്ടിക്ക് ആകെയുള്ള 100 ചോദ്യങ്ങൾക്ക് ഉത്തരം എഴുതിയപ്പോൾ 75 മാർക്ക് ലഭിച്ചു. എങ്കിൽ എത്ര ശരിയുത്തരങ്ങൾ എഴുതിക്കാണും ?

(A) 80 (B) 75 (C) 90 (D) 85

20. അനുവിന് വിനുവിനേക്കാൾ മാർക്കുണ്ട്. മനുവിന് ദീപകിനേക്കാൾ മാർക്കു കുറവാണ്. വിനുവിന് ദീപകിനേക്കാൾ മാർക്ക് ഉണ്ട്. കൂടുതൽ മാർക്ക് കിട്ടിയതാർക്ക് ?

(A) വിനു (B) അനു (C) ദീപക് (D) മനു

21. താഴെപ്പറയുന്നവയിൽ റക്ടിഫയറായി ഉപയോഗിക്കുന്നത് ഏത് ?

(A) ട്രാൻസിസ്റ്റർ (B) റസിസ്റ്റർ (C) ഡയോഡ് (D) കപ്പാസിറ്റർ

22. ഹിന്ദി സാഹിത്യത്തിലെ കുലപതിയായ പ്രേംചന്ദ് എന്ന തൂലികാ നാമത്തിൽ അറിയപ്പെടുന്ന എഴുത്തുകാരൻ :

(A) ശ്യാം നാരായൺ പാണ്ഡെ (B) മധുപന്ത്
(C) മനോജ് ദാസ് (D) ധനപത്റായ്

23. റിസർവ്വ് ബാങ്കിന്റെ ആദ്യത്തെ ഇന്ത്യക്കാരനായ ഗവർണർ :

(A) എച്ച്.വി.ആർ.അയ്യങ്കാർ (B) സർ.സി.ഡി.ദേശ്മുഖ്
(C) സർ.ബെനഗൽ രാമറാവു (D) ഡോ.സി.രംഗരാജൻ

24. ബയോഗ്യാസിലെ പ്രധാന ഘടകം :

(A) മീഥെയ്ൻ (B) ഈഥെയ്ൻ (C) പ്രൊപ്പെയ്ൻ (D) ബ്യൂട്ടെയ്ൻ

25. ഇന്ത്യയുടെ റിമോട്ട് സെൻസിംഗ് ഉപഗ്രഹമായ IRS-ID ഭ്രമണ പഥത്തിലെത്തിച്ച റോക്കറ്റ് :

(A) PSLV-D1 (B) PSLV-C2 (C) PSLV-D3 (D) PSLV-D4

26. പ്രധാനമന്ത്രി സ്ഥാനത്തു നിന്ന് സുപ്രീംകോടതി അയോഗ്യനാക്കിയ പാക് പ്രധാനമന്ത്രി :

(A) നവാസ് ഷെരീഫ് (B) പർവേസ് മുഷറഫ്

(C) യൂസഫ് റാസ ഗിലാനി (D) ബേനസീർ ഭൂട്ടോ

27. മഞ്ഞപ്പൂവ് ചുവന്ന പ്രകാശത്തിൽ ഏതു നിറത്തിൽ കാണപ്പെടും ?

(A) മഞ്ഞ (B) ഇരുണ്ടത് (C) ചുവപ്പ് (D) മജന്ത

28. രണ്ട് ഒളിംപിക്സ് മൽസരങ്ങളിൽ തുടർച്ചയായി ട്രിപ്പിൾ നേടിയ ആദ്യ അത്‌ലറ്റ് :

(A) ഓസ്കർ പിസ്റ്റോറിയസ് (B) മൈക്കൽ ഫെൽപ്സ്

(C) ഉസൈൻ ബോൾട്ട് (D) റാഫേൽ നദാൽ

29. ഇന്ത്യയിലെ ആദ്യത്തെ കാർട്ടൂൺ മ്യൂസിയം സ്ഥാപിതമായ സ്ഥലം :

(A) കായംകുളം (B) തൃശൂർ (C) തൃപ്പൂണിത്തുറ (D) കൊല്ലം

30. കൂടംകുളം ആണവവൈദ്യുത നിലയം തമിഴ്നാട്ടിലെ ഏതു ജില്ലയിലാണ് സ്ഥിതി ചെയ്യുന്നത് ?

(A) തൂത്തുക്കുടി (B) തിരുനെൽവേലി (C) തിരുപ്പൂർ (D) തിരുച്ചിറപ്പള്ളി

31. ഇന്ത്യയിലെ ഏറ്റവും നീളമേറിയ പാലം ഏതു നദിയിലാണ് നിർമ്മാണത്തിലിരിക്കുന്നത് ?

(A) ഗംഗ (B) യമുന (C) കാവേരി (D) ബ്രഹ്മപുത്ര

32. വംശനാശഭീഷണി നേരിടുന്ന 'വരയാടുകൾ' ഏത് വന്യ ജീവി സംരക്ഷണ കേന്ദ്രത്തിലാണ് കാണപ്പെടുന്നത് ?

(A) ഇരവികുളം (B) ബന്ദിപ്പൂർ (C) അണ്ണാമല (D) സൈലന്റ് വാലി

33. 'മോൾ' ദിനമായി ആചരിക്കുന്ന ദിവസം :

(A) മാർച്ച് 10 (B) ജൂൺ 6 (C) ഒക്ടോബർ 23 (D) ജനുവരി 22

34. അടിയന്തര സാഹചര്യങ്ങളെ നേരിടാൻ ശരീരത്തെ സജ്ജമാക്കുന്ന ഹോർമോൺ :

(A) അഡ്രിനാലിൻ (B) കോർട്ടിസോൾ

(C) തൈറോക്സിൻ (D) ഇൻസുലിൻ

35. ഡെങ്കിപ്പനി പരത്തുന്ന കൊതുക് :

(A) എയ്ഡിസ് ഈജിപ്റ്റി (B) എയ്ഡിസ് ആൽബോ പിക്റ്റസ്

(C) ക്യൂലക്സ് (D) അനോഫിലസ്

36. കേരള ലളിതകലാ അക്കാദമിയുടെ ആദ്യ ചെയർമാൻ :

(A) കെ. ദാമോദരമേനോൻ (B) ജി. ഭാർഗ്ഗവൻപിള്ള

(C) സി.എൻ. കരുണാകരൻ (D) എം. രാമവർമ്മരാജ

37. ഒന്നാം ഭൗമ ഉച്ചകോടി നടന്ന സ്ഥലം :

(A) ന്യൂയോർക്ക് (B) റിയോ ഡി ജനീറോ

(C) ജനീവ (D) മോസ്കോ

38. ഇടി മിന്നലുണ്ടാകുമ്പോൾ ജനൽ കമ്പികൾ വിറകൊള്ളുന്നത് ഏത് പ്രതിഭാസം മൂലമാണ് ?

(A) ഡോപ്ലർ ഇഫക്റ്റ് (B) അനുരണനം (C) പ്രതിധ്വനി (D) അനുനാദം

39. 2012 -ലെ സാഹിത്യത്തിനുള്ള സരസ്വതി സമ്മാൻ ലഭിച്ചത് ഏത് കവിതാ സമാഹാരത്തിനാണ് ?

(A) മണലെഴുത്ത് (B) ഇരുൾചിറകുകൾ

(C) അമ്പലമണി (D) രാത്രിമഴ

40. ട്രാൻസ്ഫോർമറിന്റെ പ്രവർത്തന തത്വം :

(A) ഫോട്ടോ ഇലക്ട്രിക് ഇഫക്റ്റ് (B) മ്യൂച്ച്വൽ ഇൻഡക്ഷൻ

(C) സെൽഫ് ഇൻഡക്ഷൻ (D) വൈദ്യുതമോട്ടോർ തത്വം

41. കൊല്ലവർഷം ആരംഭിച്ചത് എന്ന് ?

(A) 825 (B) 845 (C) 725 (D) 925

42. കേരളത്തിലെ ഏറ്റവും പഴയ രാജവംശം :

(A) പാണ്ഡ്യരാജ വംശം (B) ചോള രാജവംശം

(C) തിരുവിതാംകൂർ രാജവംശം (D) ആയ് രാജവംശം

43. കേരളത്തിലെ ഏറ്റവും വലിയ ശുദ്ധജല തടാകം :

(A) ശാസ്താംകോട്ട കായൽ (B) അഷ്ടമുടി കായൽ

(C) കനോലി കനാൽ (D) കല്ലട കായൽ

44. വൈക്കം സത്യാഗ്രഹം എത്ര ദിവസം നീണ്ടു നിന്നു ?

(A) 610 (B) 613 (C) 603 (D) 614

45. കേരളത്തിലെ പരമ്പരാഗത വ്യവസായത്തിൽ ഒന്നാം സ്ഥാനത്ത് നില്ക്കുന്നത് :

(A) കശുവണ്ടി (B) കയർ (C) റബ്ബർ (D) കരുമുളക്

46. ഹിമാലയത്തിലെ ഏറ്റവും ഉയരം കൂടിയ പർവ്വത നിര :

(A) ഹിമാചൽ (B) സിവാലിക് (C) ഹിമാദ്രി (D) പൂർവ്വാചൽ

47. ജാർഖണ്ഡിന്റെ തലസ്ഥാനമായ റാഞ്ചി ________ നദിയുടെ തീരത്താണ് .

(A) വംശധാര (B) ബ്രാഹ്മണി (C) ഗോദാവരി (D) സുവർണ്ണ രേഖ

48. സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ വിവിധോദ്ദേശ നദീതട പദ്ധതി :

(A) ദാമോദർ നദീതടപദ്ധതി (B) ഭക്രാനംഗൽ പദ്ധതി

(C) നർമ്മദാ നദീതട പദ്ധതി (D) കോസി നദീതട പദ്ധതി

49. ഡൽഹി-കൊൽക്കത്ത ദേശീയപാത :

(A) NH-7 (B) NH-8 (C) NH-2 (D) NH-5

50. ഏഷ്യയിലെ ഏറ്റവും വലിയ നദീജന്യ ദ്വീപായ മാജുലി സ്ഥിതി ചെയ്യുന്ന സംസ്ഥാനം :

(A) ആസ്സാം (B) ഗുജറാത്ത് (C) മഹാരാഷ്ട്ര (D) ഒറീസ്സ

51. ദിൻ ഇലാഹി എന്ന മതത്തിന്റെ കർത്താവ് :

(A) ഷേർഷ (B) അക്ബർ ചക്രവർത്തി

(C) ഗുരു ഗോവിന്ദ് സിംഗ് (D) ഷാജഹാൻ ചക്രവർത്തി

52. റഗുലേറ്റിംഗ് ആക്റ്റ് ഇന്ത്യയിൽ നടപ്പിലാക്കിയത് ആരുടെ ഭരണകാലത്താണ് ?

(A) റോബർട്ട് ക്ലൈവ് (B) വെല്ലസ്ലി പ്രഭു

(C) റിപ്പൺ പ്രഭു (D) വാറൻ ഹേസ്റ്റിംഗ്സ്

53. ഒന്നാം ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ നയിച്ചിരുന്ന കാൺപൂരിലെ നേതാവ് :

(A) ജനറൽ ഭക്ത്ഖാൻ (B) നാനാ സാഹിബ്

(C) ബീഗം ഹസ്രത്ത് മഹൽ (D) ഖാൻ ബഹദൂർ

54. 'ആക്റ്റ് ഫോർ ദി ബെറ്റർ ഗവൺമെന്റ് ഓഫ് ഇന്ത്യ' ഇന്ത്യയിലെ ഈ സംഭവവുമായി ബന്ധപ്പെട്ടതാണ് :

(A) മൊണ്ടേഗു - ചെംസ് ഫോർഡ് പരിഷ്ക്കാരങ്ങൾ

(B) ഇന്ത്യൻ സ്വാതന്ത്ര്യ പ്രമാണം

(C) ഇന്ത്യ വിഭജനം

(D) ഒന്നാം ഇന്ത്യൻ സ്വാതന്ത്ര്യസമരം

55. ബർദോളി സത്യാഗ്രഹത്തിന് നേതൃത്വം നൽകിയത് ഇദ്ദേഹമായിരുന്നു :

(A) സി. രാജഗോപാലാചാരി (B) സി.ആർ.ദാസ്

(C) സർദാർ വല്ലഭായ് പട്ടേൽ (D) മോത്തിലാൽ നെഹ്റു

56. 'നവഭാരതത്തിന്റെ പിതാവ്' എന്നറിയപ്പെടുന്നത് ആര് ?

(A) മഹാത്മാഗാന്ധി (B) ജവഹർലാൽ നെഹ്റു

(C) രാജാറാം മോഹൻറായ് (D) സ്വാമി വിവേകാനന്ദൻ

57. 'പുഴുക്കുത്തേറ്റ പാകിസ്ഥാൻ'. ഇതു പറഞ്ഞതാര് ?

(A) ലിയാക്കത്ത് അലി ഖാൻ (B) മുഹമ്മദലി ജിന്ന

(C) സുൽഫിക്കർ അലി ഭൂട്ടോ (D) മൗലാനാ അബ്ദുൾ കലാം ആസാദ്

58. പ്രിവി പഴ്സ് നിർത്തലാക്കിയത് :

(A) ജവഹർലാൽ നെഹ്റു (B) മൻമോഹൻ സിംഗ്

(C) ഇന്ദിരാഗാന്ധി (D) നരസിംഹറാവു

59. 'സമ്പൂർണ്ണ വിപ്ലവം' ആരുടെ നേതൃത്വത്തിലായിരുന്നു ?

(A) ജയപ്രകാശ് നാരായൺ (B) ആചാര്യ വിനോബാഭാവേ

(C) മൊറാർജി ദേശായ് (D) ബാലഗംഗാധര തിലക്

60. ചേരിചേരാ പ്രസ്ഥാനത്തിന് രൂപം നൽകിയത് എവിടെ ?

(A) കെയ്റോ (B) ഡൽഹി (C) കറാച്ചി (D) ബന്ദുങ്

61. ഭക്ഷ്യവസ്തുക്കളുടെ സുസ്ഥിരതയ്ക്ക് മുൻഗണന നൽകിയ പഞ്ചവത്സര പദ്ധതി :

(A) 4-ാം പഞ്ചവത്സര പദ്ധതി (B) 3-ാം പഞ്ചവത്സര പദ്ധതി

(C) 6-ാം പഞ്ചവത്സര പദ്ധതി (D) 11-ാം പഞ്ചവത്സര പദ്ധതി

62. ഇന്ത്യയിൽ സ്ഥാപിതമായ ആദ്യത്തെ ബാങ്ക് :

(A) ഫെഡറൽ ബാങ്ക് (B) പഞ്ചാബ് നാഷണൽ ബാങ്ക്

(C) ഹിന്ദുസ്ഥാൻ ബാങ്ക് (D) സിൻഡിക്കേറ്റ് ബാങ്ക്

63. ഇന്ത്യൻ ഭരണഘടനയുടെ 'ആമുഖം' എന്ന ആശയത്തിന് ഏത് രാജ്യത്തോട് കടപ്പെട്ടിരിക്കുന്നു?

(A) സോവിയറ്റ് യൂണിയൻ (B) ബ്രിട്ടൺ

(C) ഫ്രാൻസ് (D) അമേരിക്ക

64. ശുചിത്വത്തിന് ഗ്രാമീണ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന അവാർഡ് :

(A) നിർമ്മൽ ഗ്രാമ പുരസ്കാർ (B) ഇന്ദിരാഗാന്ധി പര്യാവരൺ പുരസ്കാർ

(C) ഗാന്ധിഗ്രാം അവാർഡ് (D) ലളിത്ഗ്രാമ പുരസ്കാർ

65. ഇന്ത്യൻ ആസൂത്രണ കമ്മീഷന്റെ ആദ്യത്തെ ഉപാധ്യക്ഷൻ ?

(A) അശോക് മേത്ത (B) എൻ.ഡി.തിവാരി

(C) സി.എം.ത്രിവേദി (D) ഗുത്സാരിലാൽ നന്ദ

66. ''ഒരാൾ എങ്ങനെ മരിക്കണമെന്ന് മറ്റൊരാൾക്ക് തീരുമാനിക്കാൻ കഴിയാത്ത ലോകം ഉണ്ടാകണം അതാണ് എന്റെ സ്വപ്നം'' - മനുഷ്യാവകാശങ്ങളെക്കുറിച്ച് ഇത് പറഞ്ഞതാര് ?

(A) മാർട്ടിൻ ലൂഥർ കിംഗ്
(B) ജോൺ എഫ് കെന്നഡി
(C) മാർക്യസ്
(D) കോഫി അന്നൻ

67. ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിലവിൽ വന്നത് എന്ന് ?

(A) 1994 (B) 1993 (C) 1995 (D) 2008

68. വിവരാവകാശ നിയമം ബാധകമല്ലാത്ത ഇന്ത്യയിലെ ഏക സംസ്ഥാനം :

(A) ഹരിയാന (B) ജമ്മു-കാശ്മീർ (C) തമിഴ്നാട് (D) ഉത്തരാഖണ്ഡ്

69. ഇന്ത്യയിലെ സൈബർ സ്റ്റേറ്റ് എന്നറിയപ്പെടുന്ന സംസ്ഥാനം?

(A) മഹാരാഷ്ട്ര
(B) പശ്ചിമബംഗാൾ
(C) കേരളം
(D) ആന്ധ്രാപ്രദേശ്

70. പട്ടിക ജാതി-പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമം തടയുന്നതിനുള്ള നിയമം എന്തു പേരിൽ അറിയപ്പെടുന്നു ?

(A) പ്രിവെൻഷൻ ഓഫ് അട്രോസിറ്റിസ് ആക്ട്
(B) ഹ്യൂമൺ ലൈഫ് പ്രോട്ടക്ഷൻ ആക്ട്
(C) ക്രൈംസ് പ്രിവെൻഷൻ ആക്ട്
(D) പ്രിവെൻഷൻ ഓഫ് പ്രൊട്ടക്ഷൻ ആക്ട്

71. He is ________ unique politician.

(A) an (B) some (C) a (D) any

72. Neither of them ________ the answer.

(A) was knowing (B) know (C) is knowing (D) knows

73. Mumbai is the seaport ________ to Europe.

(A) nearby (B) nearest (C) near (D) next

74. None of the People arrived in time for the meeting, ________ ?

(A) didn't they (B) have they (C) don't (D) did they

75. The synonym of "absurd" is :
(A) unconscious (B) conscious (C) foolish (D) sensible

76. Which is correctly spelt ?
(A) pronounciation (B) lieutenant (C) occured (D) occurrance

77. The antonym of "brave" is :
(A) timid (B) courageous (C) bold (D) daring

78. A _________ of lions.
(A) pride (B) parliament (C) gang (D) herd

79. If you had worked hard, you _________ a first class.
(A) will get (B) may get (C) would have got (D) might get

80. Seema prefers saree _________ churidhar.
(A) than (B) more than (C) to (D) better than

81. Which of the following is wrongly spelt ?
(A) recured (B) paralleled (C) budgeted (D) preferred

82. Plural of Son-in-law is :
(A) Sons-in-laws (B) Sons-in-law (C) Son-in-laws (D) Sons and laws

83. That work is _______ for any man to do single-handed.
(A) more than enough (B) much more
(C) very much (D) too much

84. I hope you will excuse _________ early.
(A) my leaving (B) my leave (C) me leaving (D) me leave

85. How long have ________ here ?

(A) you wait
(B) you been waiting
(C) you are waiting
(D) you waited

86. "Opus-magnum" means :

(A) a great work (B) grateful (C) in reality (D) magnitude

87. One who compiles dictionaries is called a :

(A) Dictator (B) Calligrapher (C) Linguist (D) Lexicographer

88. You ________ ask permission.

(A) will better (B) would better (C) had better (D) have better

89. This is the house ________ I was born.

(A) were (B) which (C) when (D) where

90. We should always ________ the meaning of new words in the dictionary.

(A) look into (B) look up (C) look over (D) look after

91. സാക്ഷി എന്ന കാരകം അർത്ഥം വരുന്ന വിഭക്തി :

(A) സംയോജിക (B) ആധാരിക (C) പ്രയോജിക (D) പ്രതിഗ്രാഹിക

92. ആന + ഭ്രാന്ത് എന്നത് ചേർത്തെഴുതിയാൽ :

(A) ആനഭ്രാന്ത് (B) ആനബ്രാന്ത് (C) ആനബ്ഭ്രാന്ത് (D) ആനദ്ബ്രാന്ത്

93. നമ്മുടെ ക്ഷണം സ്വീകരിച്ചെത്തിയ സാഹിത്യകാരന് ഹാർദവമായ സ്വാഗതം - ഈ വാക്യത്തിലെ തെറ്റായ പദം :

(A) ക്ഷണം (B) സ്വാഗതം (C) നമ്മുടെ (D) ഹാർദവം

94. 'ആലത്തൂർ കാക്ക' - എന്ന ശൈലിയുടെ അർത്ഥം :

(A) ശല്യക്കാരൻ
(B) ആശിച്ചുകാലം കഴിയുന്നവൻ
(C) വിശ്വസിക്കാൻ കൊള്ളാത്തവൻ
(D) കോമാളി

95. വനം എന്നർത്ഥം വരാത്തപദം :

(A) വിപനം (B) ഗഹനം (C) അടവി (D) ചത്വരം

96. എസ്.കെ.പൊറ്റക്കാട് കഥാപാത്രമായി വരുന്ന നോവൽ :

(A) അന്ധകാരനഴി (B) തമോവേദം (C) പ്രവാസം (D) ആരാച്ചാർ

97. പാറപ്പുറത്ത് എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്നത് :

(A) കെ.ഇ.മത്തായി (B) വി.വി.അയ്യപ്പൻ

(C) പി.സി.ഗോപാലൻ (D) ഐ.സി. ചാക്കോ

98. കേരളസാഹിത്യ അക്കാദമി അവാർഡ്യുലഭിച്ച സച്ചിദാനന്ദന്റെ നാടകം :

(A) പുലിജന്മം (B) സമതലം (C) അമരാവതി (D) ഗാന്ധി

99. One who is driven to the wall - എന്നതിന്റെ ശരിയായ അർത്ഥം :

(A) ഓടിപ്പോയവൻ (B) ഓടിച്ചവൻ (C) ഗതികെട്ടവൻ (D) മിടുക്കൻ

100. To leave no stone unturned - ഈ പ്രയോഗത്തിന്റെ സമാന അർത്ഥം വരുന്നത് :

(A) സമഗ്രമായി അന്വേഷിക്കുക (B) ഒരുവിധം കഴിച്ചുകൂട്ടുക

(C) ഒപ്പമെത്തുക (D) സന്ദർഭാനുസരണം പ്രവർത്തിക്കുക.

-o0o-